(സി) ഇല്ല.

(ഡി)&(ഇ) ചോദ്യം ഉദിക്കുന്നില്ല.

കൊടിതൂക്കി ടൂറിസ്റ്റ് സെന്ററാക്കുന്നതിനുള്ള നടപടി

134(1622)ശ്രീ. എൻ. സുന്ദരൻ നാടാർ : താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാറശ്ശാല നിയോജകമണ്ഡലത്തിൽ കുളത്തൂർ പഞ്ചായത്തിൽപ്പെട്ട കൊടിതൂക്കി എന്ന സ്ഥലം ടൂറിസ്റ്റ് സെന്ററാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

സർക്കാർവക ഭൂമി ലഭ്യമല്ലാത്തതിനാൽ കൊടിതൂക്കിമല ടൂറിസ്റ്റ് സെന്ററാക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിൽ ഇപ്പോഴില്ല.

ബേക്കൽ ടൂറിസം

135(1623) ശ്രീ. പി. രാഘവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേക്കൽ ടൂറിസം വികസനത്തിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഇതിൽ എത്ര രൂപ ഇതുവരെയായി ചെലവായിട്ടുണ്ടെന്നറിയിക്കുമോ;

(സി) എന്തെല്ലാം പദ്ധതികളാണ് ഇതുവരെ നടപ്പിലാക്കിയിട്ടുള്ളത് എന്നറിയിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബേക്കൽ പദ്ധതിയ്ക്കായി 30 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) മേൽ അനുവദിച്ച തുകയിൽ 23 കോടി രൂപ ഈ പദ്ധതിയുടെ നടത്തിപ്പിനായി ഇതുവരെ ചെലവഴിച്ചിട്ടുണ്ട്.

(സി) താഴെ പറയുന്നവയാണ് നടപ്പിലാക്കിയിട്ടുള്ളത്.

1. പള്ളിക്കര പബ്ലിക് ബീച്ച് (ഏപ്രിൽ മാസം ഉദ്ഘാടനം നടക്കും)
2. സമഗ്രജലവിതരണപദ്ധതി (പ്രവർത്തനം നടന്നുവരുന്നു)
3. 'തണൽ' ഫെസിലിറ്റി സെന്റർ
4. ഏഴു റിസോർട്ടുകൾക്കായി 73.30 ഹെക്ടർ ഭൂമി ഏറ്റെടുത്തു.

സർക്കാരിനുവേണ്ടി കേസ് വാദിക്കുന്ന അഭിഭാഷകർ

136(1624) ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സുപ്രീംകോടതി, ഹൈക്കോടതി, മറ്റ് കോടതികൾ എന്നിവയിൽ സർക്കാരിനുവേണ്ടി കേസുകൾ വാദിക്കാൻ എത്രപേരെ നിയമിച്ചിട്ടുണ്ട്; അവർ ആരെല്ലാം;

LIBRARY ARCHIVES Kerala Legislative Assembly